കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തളിപ്പറമ്പ നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട് 2016-17

## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

E-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.കെ.എൻ.ആർ./സി.13/1867/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് ഓഫീസ്,കണ്ണൂർ
ഫോൺ: 0497 2707698
ഇ-മെയിൽ: doknr.ksad@kerala.gov.in

തിയ്യതി: 05.12.2017

സീനിയർഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ(സെക്രട്ടറി മുഖാന്തിരം)

തളിപ്പറമ്പ നഗരസഭ

സർ,

വിഷയം: തളിപ്പറമ്പ നഗരസഭ – 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

***************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം തളിപ്പറമ്പ നഗരസഭയുടെ 2016-17 സാമ്പത്തികവർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2,3ഭാഗങ്ങളിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്.(ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ15(1), 1997 കേരളാ മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടിഡയറക്ടർ

പകർപ്പ്:

1 സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്(ഉപരിപത്രം സഹിതം)

2 ഡയറക്ടർ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം( ഇ- മെയിൽ)

3 ഡയറക്ടർ നഗരകാര്യ വകുപ്പ്,തിരുവനന്തപുരം(ഉപരിപത്രം സഹിതം)

4 റീജിനൽ ജോയിന്റ് ഡയറക്ടർ,നഗരകാര്യം,കോഴിക്കോട്

5കാര്യാലയ പ്രതി

നം. കെ.എസ്.എ.-കെ.എൻ.ആർ./സി.13/1867/2017 തീയതി : 05.12.2017

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(*1994* ലെ കേരളാ നഗരപാലികാ നിയമം 295(4) വകുപ്പ് , *1994* ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് *13, 1996*ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം *18* എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തളിപ്പറമ്പ നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ

ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.നഗരസഭ വിവിധ ഇനങ്ങളിലായി 01-04-2016 മുതൽ *17-10-2107* വരെ നടത്തിയ പണം പിരിവ് ,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ്അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. ആകെ നൽകിയ 22 അന്വേഷണക്കുറിപ്പുകളിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് നൽകിയ മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുംഉണ്ടായിരിക്കുന്നതല്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് വിനിയോഗിച്ച സമയം 19-10-17 മുതൽ 31-10-17വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | തസ്തിക |
|---|---|
| എം.പി.ശശികുമാർ | ഓഡിറ്റ് ഓഫീസർ(ഹ. ഗ്രേ. ) |
| ഷൈജു മാത്യു | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ഗണേശൻ കേളോത്ത് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ധന്യ.എം.വി | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| ചെയർമാൻ | ശ്രീ.അള്ളാംകുളം മഹമ്മൂദ് | 01-04-16 മുതൽ 31-03-17 വരെ |
| സെക്രട്ടറി | ശ്രീ. കെ.മനോഹർ | 01-04-16 മുതൽ 31-03-17 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| മുനിസിപ്പൽ | ശ്രീ. പി.വി.ബിജു | 01-04-16 | 31-03-17 |

| | | | |
|---|---|---|---|
| എഞ്ചിനീയർ | | | |
| ഹെഡ്മാസ്റ്റർ | ശ്രീമതി.മോളി സെബാസ്റ്റ്യൻ | 01-04-16 | 31-03-17 |
| സൂപ്രണ്ട്,താലൂക്ക് ഹോസ്പിറ്റൽ | ഡോ. എം.പ്രീത | 01-04-16 | 31-03-17 |
| ചീഫ് മെഡിക്കൽ ഓഫീസർ ഗവ.ആയുർവേദ ഹോസ്പിറ്റൽ | ഡോ. സലജകുമാരി | 01-04-16 | 09-02-17 |
| | ഡോ.പി.വി.അനിൽകുമാർ | 10-02-17 | 31-03-17 |
| ഐ. സി. ഡി. എസ് . സൂപ്പർ വൈസർ | ശ്രീമതി.ലക്ഷമിക്കുട്ടി | 01-04-16 | 31-03-17 |
| സീനിയർ വെറ്റിനറി ഓഫീസർ | ഡോ.സി.പി.പ്രസാദ് | 01-04-16 | 31-03-17 |
| കൃഷി ഓഫീസർ | ശ്രീ.പി.നാരായണൻ | 01-04-16 | 31-03-17 |
| പ്രൊജക്ട് ഓഫീസർ ദാരിദ്ര്യനിർമാർജനസെൽ | ശ്രീ.പി.പ്രദീപ്കുമാർ | 01-04-16 | 31-03-17 |

| ക്രമനമ്പർ | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യ പത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തനത് വരുമാനം |

| | | |
|---|---|---|
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരങ്ങൾ |
| 11 | 1-11 | വിനിയോഗിക്കാൻ ബാക്കിയുള്ള പ്രത്യേകാവശ്യ ഗ്രാന്റുകൾ |
| ഭാഗം 2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 12 | 2-1 | വസ്തുനികുതി പരിഷ്കരണം നടത്തിയിട്ടില്ല |
| 13 | 2-2 | മൊബൈൽ ടവറുകളിൽ നിന്ന് വസ്തുനികതി ഈടാക്കുന്നതിലെ അപാകങ്ങൾ |
| 14 | 2-3 | ഡി&ഒ ലൈസൻസ് അപാകതകൾ |
| 15 | 2-4 | ഇ-ടെണ്ടർ: ടെണ്ടർ ഫീസിനത്തിലെ വില വരവ് വരാത്തത് സംബന്ധിച്ച് |
| ഭാഗം 3ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 16 | 3-1 | തെരുവ് വിളക്കുകൾ-സംയുക്ത പരിശോധന നടത്തിയിട്ടില്ല-സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. |
| 17 | 3-2 | ക്ഷീരകർഷകർക്ക് സബ്സിഡി-തുക പൂർണ്ണമായും വിനിയോഗിച്ചില്ല. |
| 18 | 3-3 | മൃഗാസ്പത്രിക്ക് മരുന്ന് വാങ്ങൽ. |
| 19 | 3-4 | ഡെപ്പോസിറ്റ് പ്രവർത്തികൾ-കരാർഉടമ്പടി,വിനിയോഗ |

| | | |
|---|---|---|
| | | സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. |
| 20 | 3-5 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |
| 21 | 3-6 | മാലിന്യ സംസ്കരണ പ്ലാന്റിൽ നിന്നും മാലിന്യം നീക്കം ചെയ്യൽ: പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്ക് വിരുദ്ധം |
| 22 | 3-7 | ഫർണ്ണിച്ചർ വാങ്ങൽ --നടപടിക്രമം പാലിച്ചില്ല.കുറഞ്ഞനിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കി കൂടിയ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും ഫർണ്ണിച്ചർ വാങ്ങിയത് ക്രമവിരുദ്ധം – ചെലവ് തുക തടസ്സപ്പെടുത്തുന്നു. |
| 23 | 3-8 | പട്ടികജാതി വിദ്ധ്യാർത്ഥികൾക്ക് പഠന മുറി:പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല.ചെലവ് തുക 1,00,000/- രൂപ തടസ്സപ്പെടുത്തുന്നു. |
| 24 | 3-9 | പി എം എ വൈ -2016-17 വർഷത്തെ ചെലവ് തുക -ആ വർഷം തന്നെ വിനിയോഗിച്ചിട്ടില്ല. |
| 25 | 3-10 | ഹോമിയോ മരുന്ന് ലഭ്യമാക്കിയില്ല- ചെലവ് തുക 50000 രൂപ തടസ്സപ്പെടുത്തുന്നു. |
| 26 | 3-11 | മുനിസിപ്പൽ ലൈബ്രറിക്ക് പുസ്തകം വാങ്ങിനൽകിയതിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. |
| 27 | 3-12 | എസ് എസ് എ ക്ക് മുൻവർഷത്തെ ബാലൻസ് വിഹിതം |

| | | |
|---|---|---|
| | | നൽകിയത്-2015-16 ആന്വൽ വർക്ക് പ്ലാൻ ഹാജരാക്കേണ്ടതാണ് |
| 28 | 3-13 | ഭവനനിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. |
| 29 | 3-14 | എസ്.ബി.ഐ.യിലെ നഗരസഭയുടെ തനത് ഫണ്ട് തുക കറന്റ് അക്കൗണ്ടിലേക്ക് മാറ്റിയത് വഴി പലിശ ഇനത്തിൽ നഗരസഭയ്ക്ക് നഷ്ടം |
| ഭാഗം4 ഓഡിറ്റ് പ്രത്യവലോകനം | | |
| 30 | 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 31 | 4-2 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നല്കിയ ഫണ്ട് വിനിയോഗം |
| 32 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരം |
| 33 | 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 34 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 35 | 4-6 | ഓഡിറ്റ് റിക്കവറി |
| 36 | 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദവിവരം |
| 37 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 38 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ |

| | | |
|---|---|---|
| | | വിവരങ്ങൾ |
| 39 | ANNEXURE-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 40 | ANNEXURE-2 | RECEIPT AND PAYMENT STAT EMENT OF TALIPARAMBA MUNICIPALITY FOR THE PERIOD FROM 1.4.2016 TO 31.3.2017 |
| 41 | ANNEXURE-3 | INCOME AND EXPENDITURE STATEMENT OF TALIPARAMBA MUNICIPAILTY FOR THE PERIOD FROM 1.4.2016 TO 31.3.2017 |
| 42 | ANNEXURE-4 | BALANCE SHEET OF TALIPARAMBA MUNICIPALITY AS ON 31.3.2017 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

29-03-17 ലെ ഭരണസമിതി തീരുമാനം നമ്പർ 1 പ്രകാരം അംഗീകരിച്ച 2016-17 വർഷത്തെ ബജറ്റ്പ്രകാരമുള്ള വരവ് ചെലവ് തുകകളും യഥാർത്ഥത്തിലുള്ള വരവു ചെലവു തുകകളും താഴെ കൊടുക്കുന്നു.

| | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 123258436 | 97157206 |
| വരവ് | 381831000 | 188830615 |
| ആകെ | 505089436 | 285987821 |
| ചെലവ് | 423928760 | 186496080 |
| നീക്കിയിരിപ്പ് | 81160676 | 99491741 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-2017 | 31-07-2017 | 10-08-2017 | തിരിച്ചയച്ചിട്ടില്ല | -- |

വാർഷിക കണക്കുകൾ 1997 ലെ കേരള നഗരപാലികാ (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 11 ൽ അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ ഓഡിറ്റിന് അയച്ചുതരുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് തരം |
|---|---|---|---|
| 2016-2017 | 23-10-17 | കെ.എസ്.എ/ കെ.എൻ.ആർ/ സി - 13/1867/2017 തീയ്യതി 05.12.2017 | വിശേഷണങ്ങളോട്ടു കൂടിയത് |

ന്യൂനതകൾ.

1.വസ്തുനികുതിയിനത്തിൽ ഡിമാന്റ് ,കളക്ഷൻ, ബാലൻസ് എന്നിവയുടെ കൃത്യത പരിശോധിക്കുവാനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല..

2.ആസ്തി രജിസ്ററർ കാലികമാക്കാത്തതിനാൽ B11 ഷെഡ്യൂളിലെ തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

3.ഡെപ്പോസിറ്റ് ഇനത്തിൽ B7 ഷെഡ്യൂളിൽ കാണിച്ച തുകയുടെ കൃത്യത പരിശോധിക്കുവാൻ ആവശ്യമായ രേഖകൾ ഹാജരാക്കാക്കിയിട്ടില്ല.

4.B9 ഷെഡ്യൂളിൽ ഓഡിറ്റ് റിക്കവറി ഇനത്തിൽ കാണിച്ച 166238 രൂപ യഥാർത്ഥത്തിൽ ബാധ്യത അല്ല.

5.B18 ഷെഡ്യൂളിലെ തുകയുടെ കൃത്യത പരിശോധിക്കുവാനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.

6.B9 ഷെഡ്യൂളിൽ കാണിച്ച 331480 /- രൂപയുടെ കൃത്യത പരിശോധിക്കുവാനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.

7.തൊഴിൽനികുതിയിനത്തിൽ ഉള്ള കുടിശ്ശിക പിരിഞ്ഞുകിട്ടാനുള്ളത് ബാലൻസ് ഷീറ്റിലെ B 15 ഷെഡ്യൂളിൽ 238788/- രൂപയാണ്കാണിച്ചതെങ്കിലും തൊഴിൽനികുതി രജിസ്റ്ററിൽ ഇത് 583710/- രൂപയെന്നാണ് കാണിച്ചിരിക്കുന്നത്.

8.RP 1 ഷെഡ്യൂളിൽ കോഡ് നമ്പർ 110150100 ഇനത്തിൽ (+) 237700/- രൂപ എന്ന് വേണ്ടതിന് പകരം (-)237700/- രൂപയെന്ന് കാണിച്ചിരിക്കുന്നത് ശരിയല്ല.

## 1-4 സാമ്പത്തിക വിശകലനം.

സ്ഥാപനത്തിന്റെ 2016-2017വർഷത്തെ വാർഷിക ധനകാര്യപത്രികയുടെ വിവരം

| | |
|---|---|
| മുന്നിരിപ്പ് | 97157206 |
| വരവ് | 188830615 |
| ആകെ | 285987821 |
| ചെലവ് | 186496080 |
| നീക്കിയിരിപ്പ് | 99491741 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് പ്രകാരം വരവ് | ചെലവ് | ലാപ് സായ തുക | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 33739233 | 22747912 | 10991321 | 0 | 67.42 |
| വികസനഫണ്ട് എസ്.സി.പി. | 5997292 | 1350576 | 4646716 | 0 | 22.51 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് - റോഡ് | | 12872538 | 11196463 | 1676075 | 0 | 86.98 |
| സംരക്ഷണ ഗ്രാന്റ് -റോഡിതരം | | 13161520 | 6593978 | 6567542 | 0 | 50 |
| 13 )ം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 43438875 | 24539003 | 18899872 | 0 | 56.49 |
| പെർഫോമൻസ് ഗ്രാന്റ് | സെൻട്രൽ ഷെയർ | 6207000 | 5875181 | 331819 | 0 | 94.65 |

മറ്റ് ഫണ്ടുകളുടെ വിവരം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| ബി. ഫണ്ട് | 0 | 70529488 | 70529488 | 70529488 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 293 | 180940517 | 174 | 79566062 | 15 | 104 | 59.38 |

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീ | നടപ്പിലാക്കിയ പദ്ധതികൾ | ആകെ അടങ്കൽ | ചെലവ് തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|

| | | കാരം ലഭിച്ച പദ്ധതികൾ | | തുക | | |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 8 | 8 | 4817000 | 3086400 | 64 |
| 2 | സീനിയർ വെറ്റിനറി സർജൻ | 5 | 5 | 2115600 | 780580 | 36.89 |
| 3 | മെഡിക്കൽ ഓഫീസർ-താലൂക്ക് ഹോസ്പിറ്റൽ | 1 | 1 | 500000 | 486820 | 97.36 |
| 4 | ചീഫ് മെഡിക്കൽ ഓഫീസർ ആയുർവേദം | 3 | 3 | 700000 | 690995 | 98.71 |
| 5 | ഐസിഡിഎസ് സൂപ്പർവൈസർ | 6 | 6 | 5330000 | 3340988 | 62.68 |
| 6 | മുനിസിപ്പൽ എഞ്ചിനീയർ | 228 | 127 | 133402287 | 52778339 | 39.56 |
| 7 | സെക്രട്ടറി | 27 | 11 | 25402980 | 12340047 | 48.57 |
| 8 | ഹെഡ്മാസ്റ്റർ | 8 | 6 | 3805650 | 3205193 | 84.22 |
| 9 | പ്രോജക്ട്ഓഫീസർ-നഗര ദാരിദ്ര്യനിർ മാർജനസെൽ | 7 | 7 | 4867000 | 2856700 | 58.69 |
| ആകെ | | 293 | 174 | 180940517 | 79566062 | 43.97 |

നഗരസഭയുടെ തൻവർഷത്തെ പദ്ധതി ചെലവ് ആകെ അടങ്കൽ തുകയുടെ 43.97%

മാത്രമാണ്. പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ലഭ്യമായ പദ്ധതി തുക സത്വരമായി വിനിയോഗിക്കുന്നതിലേക്കും കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2016-2017 വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം (-)14 ശതമാനം കുറവ്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 28649120 | 26828799 | (-)1820321 | (-)6.35 |
| നികുതിയേതര വരവുകൾ | 13561919 | 9782566 | (-)3779353 | 27(-) |
| മറ്റുവരവുകൾ | 9971207 | 8260766 | (-)1710441 | 17.15(-) |
| ആകെ | 52182246 | 44872131 | (-)7310115 | (-)14 |

## 1-8 ക്ഷേമപദ്ധതികൾ

ഓഡിറ്റ് വർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | 2016-17 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
| തൊഴിൽരഹിത വേതനം | 217440 | 168 |
| കർഷകതൊഴിലാളി പെൻഷൻ | 8287960 | 344 |
| വിധവാപെൻഷൻ | 22659030 | 1260 |
| വാർദ്ധക്യകാലപെൻഷൻ | 30081495 | 1696 |
| വികലാംഗപെൻഷൻ | 5434455 | 303 |

| | | |
|---|---|---|
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2437830 | 119 |
| വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം | 750000 | 25 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-10-17 ന് 3.30 മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 39101/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് കാലയളവ് | ഓഡിറ്റ് തീയതി | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 2012-13മുതൽ 2013-14വരെ | 12-05-14 മുതൽ 16-05-14 വരെ | 13-02-2015 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2012—13 മുതൽ 2015-16 വരെ | 04-03-17 മുതൽ 22-03-17 വരെ | 02-05-2017 |

## 1-11 വിനിയോഗിക്കുവാൻ ബാക്കിയുള്ള പ്രത്യേകാവശ്യ ഗ്രാന്റുകൾ

തൻവർഷം നഗരസഭയുടെ വാർഷിക കണക്ക് പ്രകാരം 31-03-17 ൽ വിനിയോഗിക്കുവാൻ

ബാക്കിയുള്ള പ്രത്യേകാവശ്യ ഗ്രാന്റുകളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ.നമ്പർ | ഫണ്ടിനം | നീക്കിയിരിപ്പ് തുക | ബാലൻസ് ഷീറ്റിലെ കോഡ് നമ്പർ | നീക്കിയിരിപ്പുള്ള അക്കൗണ്ട് |
|---|---|---|---|---|
| 1 | ഐ.എച്ച്.എസ്.ഡി.പി | 5058926 | 320100100 | എസ്.ബി.ടി.-67029767059 |
| 2 | ഐ.ഡി.എസ്.എം.ടി | 6044458 | 320100100 | എസ്.ബി.ഐ.-10642383975 |
| 3 | സെൻട്രൽ ഷെയർ--ഐ.സി.ഡി.എസ് | 207932 | 320100100 | പഞ്ചാബ് നാഷണൽ ബാങ്ക്.(തനത് ഫണ്ട്) -100001398 |
| 4 | ദേശീയ നഗര ഉപജീവന മിഷൻ | 2749200 | 320100100 | ഐ.ഡി.ബി.ഐ. ബാങ്ക്-1806102000000602 |
| 5 | ടാഗോർ വിദ്യാനികേതൻ സ്കൂളിൽ കുടിവെള്ള പദ്ധതി | 50000 | 320100100 | പഞ്ചാബ് നാഷണൽ ബാങ്ക്(തനത് ഫണ്ട്) -100001398 |
| 6 | ക്ലീൻ കേരള മിഷൻ | 2080655 | 320802000 | എസ്.ബി.ടി. 57043440473 |
| 7 | എസ്.എസ്.എ | 273978 | 320802000 | കനറാബാങ്ക് 57971 |
| 8 | അയ്യൻകാളി തൊഴിലുറപ്പ് പദ്ധതി | 96152 | 320802000 | പഞ്ചാബ് നാഷണൽ ബാങ്ക് |
| 9 | സ്വച്ച് ഭാരത് | 651458 | 320802000 | ഐ.സി.ഐ.സി.ഐ. ബാങ്ക് |
| 10 | പി.എം.എ.വൈ | 4280000 | 320802000 | പഞ്ചാബ് നാഷണൽ ബാങ്ക് 4804000100080524 |
| 11 | വിമുക്തി | 50000 | 320802000 | എൻ.എം.ജി.ബി. 7611 |
| 12 | ക്ലീൻ കേരള മിഷൻ | 100000 | 320300100 | പഞ്ചാബ് നാഷണൽ ബാങ്ക് (തനത് ഫണ്ട്) 500001398 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി പരിഷ്കരണം നടത്തിയിട്ടില്ല.

14.01.2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങൾ പ്രകാരം നടപ്പിൽ വരുത്തിയ വസ്തുനികുതി പരിഷ്കരണം 31-3-2013 വരെയുള്ള കെട്ടിടങ്ങൾക്ക് നാളിതുവരെ ബാധമാക്കിയതായി കാണുന്നില്ല.

സർക്കാർ -അർദ്ധസർക്കാർ ഓഫീസുകളുടെ വസ്തുനികുതി ലഭ്യമായിട്ടില്ല.

തളിപ്പറമ്പ നഗരസഭാ പരിധിയിൽ പെടുന്ന താലൂക്ക് ഓഫീസ്, താലൂക്ക് ആസ്പത്രി, ബി .എസ്.എൻ.എൽ വക കെട്ടിടങ്ങൾ എന്നിവയിൽനിന്നും വസ്തുനികതി ലഭിച്ചതായി കാണുന്നില്ല. മാത്രമല്ല വസ്തുനികുതി അടവാക്കുന്നതിൽനിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്ന പോസ്റ്റ് ഓഫീസ് കെട്ടിടങ്ങൾക്ക് കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങളിലെ ചട്ടം 30 പ്രകാരം ഈടാക്കേണ്ട സർവ്വീസ് ചാർജ്ജും ഈടാക്കുന്നതായി കാണുന്നില്ല. സംസ്ഥാന സർക്കാർ ഓഫീസുകളിൽനിന്നും അതുപോലെ കേന്ദ്ര -സംസ്ഥാന സർക്കാരുകളുടെ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും വസ്തുനികുതിയും വസ്തുനികുതി ഒഴിവാക്കപ്പെട്ടിട്ടുള്ള കേന്ദ്രസർക്കാർ സ്ഥാപനങ്ങളിൽനിന്നും മേൽചട്ട പ്രകാരമുള്ള സർവ്വീസ് ചാർജ്ജും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പുതിയ കെട്ടിടങ്ങളുടെ വസ്തുനികുതി നികുതി നിർണ്ണയത്തിലെ അപാകതകൾ-നഗരസഭക്ക് വരുമാന നഷ്ടം.

തളിപ്പറമ്പ നഗരസഭ 22.05.2012ലെ Iാം നമ്പർ തീരുമാന പ്രകാരം നടത്തിയ അന്തിമ വിജ്ഞാപനമനുസരിച്ച് 100 ച.മീറ്ററിന് താഴെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിന് 60 രൂപയും 100 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ളവയക്ക് ച.മീറ്ററിന് 80 രൂപയുമാണ് വസ്തുനികുതിയുടെ നിരക്ക്. എന്നാൽ തളിപ്പറമ്പ നഗരസഭയിൽ 100ച.മീറ്ററിനും മുകളിൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് 60 രൂപ നിരക്കിൽ തന്നെയാണ് വസ്തുനികുതി നിശ്ചയിച്ചിരിക്കുന്നത്. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

1. ഉടമസ്ഥന്റെ പേര് : പ്രതീഷ് കുമാർ എം.വി.

കെട്ടിടത്തിന്റെ തരം : വാണിജ്യാവശ്യങ്ങൾക്കുള്ള ഇരു നില കെട്ടിടം

ആകെ വിസ്തീർണ്ണം : 140.14ചതുരശ്ര മീറ്റർ

അടിസ്ഥാന വസ്തുനികുതി നിരക്ക് : 80രൂപ/ചതുരശ്ര മീറ്റർ

നികുതി നിർണയിച്ച തീയതി :11-12-2016

| ക്രമ നമ്പർ | കെട്ടിട നമ്പർ | വിസ്തീർണ്ണം ($m^2$ ൽ) | ഡിമാന്റ് ചെയ്ത വസ്തുനികുതി (ഗ്രന്ഥശാ ലവരി 5%,പത്ത് ശതമാനം സർവ്വീസ് സെസ്സ് ഉൾപ്പടെ) | ഡിമാന്റ് ചെയ്യേണ്ട വസ്തുനികുതി (ഗ്രന്ഥശാ ലവരി5%, പത്ത് ശതമാനം സർവ്വീസ് സെസ്സ് ഉൾപ്പടെ) | വ്യത്യാസം ₹ | കുറിപ്പ് | റസീറ്റ് നമ്പർ/ തീയ്യതി |
|---|---|---|---|---|---|---|---|
| 1 | I/203 A-17 | 48.11 | 3319 | 4426 | 1107 | 20% വർദ്ധനവ്, 20ശതമാനം ഇളവ്. | 10956/547517 തി.25.3.2017 |
| 2 | I/203 A-18 | 48.11 | 3319 | 4426 | 1107 | | |
| 3 | I/203 A-19 | 43.92 | 3032 | 4041 | 1009 | | |
| ആകെ വ്യത്യാസം | | | | | 3223 | | |

II ഉടമസ്ഥന്റെ പേര് : വലിയ മുറത്താങ്കൽ ജോയ് ജോസഫ്.

കെട്ടിടത്തിന്റെ തരം : വാണിജ്യാവശ്യങ്ങൾക്കുള്ള ഒരു നില കെട്ടിടം

ആകെ വിസ്തീർണ്ണം : 180.12 ചതുരശ്ര മീറ്റർ

അടിസ്ഥാന വസ്തുനികുതി നിരക്ക് : ₹80 /ചതുരശ്ര മീറ്റർ

നികുതി നിർണയിച്ച തീയതി : 9-3-2016

| ക്രമ നമ്പർ | കെട്ടിട നമ്പർ | വിസ്തീർണ്ണം ($m^2$ ൽ) | ഡിമാന്റ് ചെയ്തവ | ഡിമാന്റ് ചെയ്യേണ്ട | വ്യത്യാസം ₹ | കുറിപ്പ് | റസീറ്റ് നമ്പർ/ തീയ്യതി |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | സ്ഥനികുതി (ഗ്രന്ഥ ശാലവരി 5%, പത്ത് ശതമാനം സർവ്വീസ് സെസ്സ് ഉൾപ്പടെ) | വസ്തു നികുതി (ഗ്രന്ഥ ശാലവരി 5%,പത്ത് ശതമാനം സർവ്വീസ് സെസ്സ് ഉൾപ്പടെ) | | | |
| 1 | I/203 B | 38.98 | 2555 | 3407 | 852 | 20% വർദ്ധനവ്, 20ശതമാനം ഇളവ്, ഒന്നാം നില. | 10942/547083 തി.23.3.2017 |
| 2 | I/203 B1 | 43.31 | 2838 | 3786 | 948 | | 10985/549224 തി.25.4.2017 |
| 3 | I/203 B2 | 46.49 | 3049 | 4064 | 1015 | | |
| 4 | I/203 B3 | 51.34 | 3365 | 4487 | 1122 | | |
| ആകെ | | | | | 3937 | | |

III. ഉടമസ്ഥന്റെ പേര് : സെക്രട്ടറി,ബദരിയ നഗർ പള്ളിക്കമ്മറ്റി,ബദരിയ നഗർ തളിപ്പറമ്പ.

കെട്ടിടത്തിന്റെ തരം : വാണിജ്യാവശ്യങ്ങൾക്കുള്ള 2നില കെട്ടിടം

ആകെ വിസ്തീർണ്ണം : ചതുരശ്ര മീറ്റർ

അടിസ്ഥാന വസ്തുനികുതി നിരക്ക് : ₹80 / ചതുരശ്ര മീറ്റർ

നികുതി നിർണയിച്ച തീയതി : 20.1.2016

| ക്രമ നമ്പർ | കെട്ടിട നമ്പർ | വിസ്തീർണ്ണം | ഡിമാന്റ് ചെയ്ത | ഡിമാന്റ് ചെയ്യേണ്ട | വ്യത്യാസം ₹ | കുറിപ്പ് | റസീറ്റ് നമ്പർ/ തീയ്യതി |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | ($m^2$ ൽ) | വസ്തു നികുതി (ഗ്രന്ഥ ശാലവരി 5% ഉൾപ്പെടെ) ₹ | വസ്തു നികുതി (ഗ്രന്ഥ ശാലവരി 5% ഉൾപ്പെടെ) ₹ | | | |
| 1 | TMC IX 338(A) | 18.87 | 1112 | 1485 | 373 | 30% വർദ്ധനവ്, 20 ശതമാനം ഇളവ്, ഒന്നാം നില. | പിരിച്ചെടുത്തിട്ടില്ല. |
| 2 | TMC IX 338(A1) | 21.09 | 1243 | 1658 | 415 | | |
| 3 | TMC IX 338(A2) | 20.81 | 1228 | 1636 | 408 | | |
| 4 | TMC IX 338(A3) | 20.81 | 1228 | 1636 | 408 | | |
| 5 | TMC IX 338(A4) | 20.53 | 1211 | 1613 | 402 | | |
| 6 | TMC IX 338(A5) | 20.53 | 1211 | 1613 | 402 | | |
| 7 | TMC IX 338(A6) | 18.58 | 1097 | 1461 | 364 | | |
| 8 | TMC IX 338(A7) | 25.53 | 1505 | 2007 | 502 | | |

| | | | | | | | |
|---|---|---|---|---|---|---|---|
| 9 | TMC IX 338(A8) | 28.56 | 1405 | 2247 | 842 | | |
| 10 | TMC IX 338(A9) | 94.92 | 5599 | 7468 | 1869 | | |
| 11 | TMC IX 338(A) | 90.29 | 5326 | 7103 | 1777 | | |
| 12 | TMC IX 338(A10) | 38.64 | 2279 | 3039 | 760 | | |
| ആകെ | | | | | 8522 | | |

മുകളിൽ പറഞ്ഞിരിക്കുന്നതിൽ ക്ര.നം. 3-ൽ അസസ് ചെയ്തതായി കാണിച്ചിരിക്കുന്ന കെട്ടിടത്തിന്റെ (TMC IX) നികുതി പിരിച്ചെടുത്തിട്ടില്ല. ആയതിനാൽ അസസ്സ്മെന്റ് പുനർനിർണ്ണയം നടത്തി വസ്തു നികുതി പിരിച്ചെടുക്കേണ്ടതാണ്. ക്ര മ നം. 1, 2 എന്നിവയിൽ പറഞ്ഞിരിക്കുന്ന 7160 രൂപ (3223+3937) ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്. സമാനമായ അപാകം സംഭവിച്ചതിനെ തുടർന്ന് വസ്തുനികുതിനിർണ്ണയത്തിൽ കുറവ് സംഭവിച്ചത് സമഗ്രമായി പരിശോധിച്ച് നികുതി പുനർനിർണ്ണയം നടത്തി റവന്യൂ നഷ്ടം വരുത്തുന്നത് ഒഴിവാക്കേണ്ടതാണ്.

## 2-2 മൊബൈൽ ടവറുകളിൽ നിന്ന് വസ്തുനികതി ഈടാക്കുന്നതിലെ അപാകങ്ങൾ

(എ) മൊബൈൽ ടവറുകളുടെ തറവിസ്തീർണ്ണം രേഖപ്പെടുത്തിയിട്ടില്ല

നഗരസഭയുടെ പരിധിയിൽ പ്രവർത്തിക്കുന്ന ചില മൊബൈൽ ടവറുകളുടെ തറവിസ്തീർണ്ണം രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമനം | വാർഡ് നമ്പർ | കെട്ടിട നമ്പർ | അസസ്സ്മെന്റ് നമ്പർ | കെട്ടിടയുടമയുടെ പേര് | കണക്കാക്കിയ നികുതി |
|---|---|---|---|---|---|
| 1 | XI | 1403(T) | 8536 | M/s Bharathi | 7718 |
| 2 | XI | 1403(A1) | 8642 | District wireless Aircell | 11025 |
| 3 | XI | 3686(A) | ലഭ്യമല്ല | ടവർവിഷൻ | 4057 |
| 4 | XIII | 445(E) | 10762 | M/S Relliance | 120 |

| | | | | | |
|---|---|---|---|---|---|
| 5 | XV | 621(k) | 12495 | Essar Telecom | 4135 |
| 6 | XVI | 100(N1) | 12822 | Telecom Kannur | 27563 |
| 7 | XXIII | 23(A1) | 17909 | IDEA Mobile | 4135 |

നഗരസഭയുടെ പരിധിയിൽ പ്രവർത്തിക്കുന്ന മേൽ കൊടുത്ത മൊബൈൽ ടവറുകളുടെ യഥാർത്ഥ തറവിസ്തീർണ്ണം നഗരസഭയിൽ ലഭ്യമല്ല. അതുകൊണ്ട്തന്നെ പ്രസ്തുത മൊബൈൽ ടവറുകളിൽ നിന്നും ഈടാക്കാവുന്ന വസ്തുനികുതിയുടെ യഥാർത്ഥ നിരക്കിലാണോ നികുതി ഈടാക്കുന്നതെന്ന് വ്യക്തമല്ല. ആയതിനാൽ പ്രസ്തുത ടവറുകളുടെ യഥാർത്ഥ തറവിസ്തീർണ്ണം കണക്കാക്കി വസ്തുനികുതി ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

(ബി)മൊബൈൽ ടവറുകളുടെ സ്പാൻ ഭാഗം വസ്തുനികുതി നിർണ്ണയത്തിൽ പരിഗണിച്ചില്ല.

ടി എം സി/ 3686A വാർഡിൽ 11 പ്രവർത്തിക്കുന്ന ടവർ വിഷൻ ഇന്ത്യ എന്ന കമ്പനിയുടെ നികുതി കണക്കാക്കിയ ഫോറം 6 പരിശോധിച്ചതിൽ ഡി ജി ബോക്സ് (3.75 m2) ഷെൽട്ടർ റും 10.36 m2 ഉൾപ്പെടെ ആകെ 14.11 m2 ന് ആണ് നികുതി കണക്കാക്കിയിട്ടുള്ളത്. ആയത് പ്രകാരം 7055 രൂപ(14.11x500) വസ്തുനികുതി ഈടാക്കിയിട്ടുണ്ട്. ജി ഒ (ആർ ടി) നം 707/2014 തീയ്യതി 07-03-2014 പ്രകാരം മൊബൈൽ ടവറിന്റെ സ്പാൻ കൂടി ഉൾപ്പെടുത്തി വേണം വസ്തുനികുതി ഈടാക്കേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. നഗരസഭയിലെ മുഴുവൻ മൊബൈൽ ടവറുകളുടെയും ഏറ്റവും പുതിയ വിവരം ലഭ്യമല്ല. ആയതു കൊണ്ട്തന്നെ നഗരസഭയിലെ മുഴുവൻ മൊബൈൽ ടവറുകളുടെ കണക്കെടുത്ത് അവയുടെ തറവിസ്തീർണ്ണം (മൊബൈൽ ടവർ,ഡിജികം, എക്യുപ്മെന്റ് കം, മറ്റ് അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങൾ ഉൾപ്പെടെ) പുനർനിർണ്ണയം നടത്തുകയും അതിന് അനുസൃതമായി സർക്കാർ ഉത്തരവിൽ അനുവദിച്ചിരിക്കുന്ന നിരക്കിൽ വസ്തുനികുതി ഈടാക്കേണ്ടതാണ്.

(സി)പെർമിറ്റെടുത്ത് ഒക്യുപെൻസി ലഭിക്കാതെ മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധന നടത്തേണ്ടതാണ്.

നഗരസഭയിൽ ആകെ 26 കമ്പനികൾ മൊബൈൽ ടവർ പ്രവർത്തിക്കുന്നതിനായി പെർമിറ്റ് എടുത്തിട്ടുണ്ട്. എന്നാൽ ഇവയിൽ 19 എണ്ണം മാത്രമേ പണി പൂർത്തിയാക്കി ഒക്യുപെൻസി വാങ്ങിച്ചിട്ടുള്ളൂ. ഇതിൽ തന്നെ നിലവിൽ 15 മൊബൈൽ ടവറുകളിൽ നിന്നും മാത്രമേ വസ്തുനികുതി ഈടാക്കി വരുന്നുള്ളൂ. പെർമിറ്റ് എടുത്ത മൊബൈൽ ടവർ കമ്പനികൾ ഒക്യുപെൻസി വാങ്ങാതെ അനധികൃതമായി പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധന നടത്തി കണ്ടെത്തേണ്ടതാണ്.

## 2-3 ഡി&ഒ ലൈസൻസ് അപാകതകൾ

1) ലൈസൻസ് പുതുക്കുന്നതിൽ കാലതാമസം

2011 ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 11 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ അതിന്റെ കാലാവധി അവസാനിക്കുന്നതിന് 30 ദിവസത്തിൽ കുറയാതേയും 90 ദിവസത്തിൽ കവിയാതേയും സമർപ്പിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

എന്നാൽ 2016-17 വർഷത്തിൽ, പഞ്ചായത്തിലെ ഭൂരിഭാഗം സ്ഥാപനങ്ങളും ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ യഥാസമയം നൽകിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ:-

| ക്രമ നം. | അപേക്ഷകന്റെ പേര് | ലൈസൻസ് ആവശ്യം | ലൈസൻസ് പുതുക്കേണ്ട അവസാന തീയ്യതി | അപേക്ഷ ലഭിച്ച തീയ്യതി | ലൈസൻസ് ഫീ, രശീതി നം., തീയ്യതി |
|---|---|---|---|---|---|
| 1 | റഷീദ് പി.സി | സ്റ്റേഷനറി | 2016 മാർച്ച് 1 | 09/09/16 | 910/08923 /09/09/16 |
| 2 | സുമേഷ് കെ.എം | സ്റ്റുഡിയോ | " " | 05/09/16 | 1810/08569 /05/09/16 |
| 3 | ഹസൈൻ എം.പി | സി.ഡി വീഡിയോ ഓഡിയോ വിൽപ്പന | " " | 05/09/16 | 916/08570 /05/09/16 |
| 4 | ബഷീർ കെ.ടി | പച്ചക്കറി വിൽപ്പന | " " | 24/09/16 | 2260/09431 24/09/16 |
| 5 | രഞ്ജിത്ത് കെ.കെ | ഇലക്ട്രിക് വർക്സ് | " " | 23/07/16 | 910/06312 /23/07/16 |

2016-17 വർഷത്തിലെ ബാലൻസ് ഷീറ്റിൽ തൻ വർഷത്തിൽ 2300 രൂപയും കുടിശ്ശികയിനത്തിൽ 273 രൂപയും പിരിച്ചെടുക്കാൻ ബാക്കിയുണ്ട്.

2) ഡി & ഒ ലൈസൻസ് അപേക്ഷകൾ അപൂർണ്ണം

2016-17 വർഷത്തിൽ നഗരസഭയിലെ ലൈസൻസ് അനുവദിക്കുന്നതിന്/പുതുക്കുന്നതിന് ലഭിച്ച ചില അപേക്ഷകൾ മുഴുവനായി പൂരിപ്പിക്കുകയോ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല എന്ന് പരിശോധനയിൽ കാണുകയുണ്ടായി. ചട്ടപ്രകാരം സ്വീകരിക്കുന്ന അപേക്ഷകളിൽ അപേക്ഷകനെയും ലൈസൻസ് ആവശ്യമായ സ്ഥാപനത്തെ/സ്ഥലത്തെ സംബന്ധിച്ചും ഉണ്ടായിരിക്കേണ്ട അടിസ്ഥാന വിവരങ്ങൾ, ഒരു ദിവസത്തെ വിറ്റുവരവ്, അപേക്ഷിച്ച തീയ്യതി, അപേക്ഷകന്റെ സത്യപ്രസ്താവന എന്നിവ മുഴുവനായും രേഖപ്പെടുത്തിക്കാണുന്നില്ല. അപേക്ഷ ലഭിച്ചു കഴിഞ്ഞാൽ ബന്ധപ്പെട്ട വാർഡ്തല ഉദ്യോഗസ്ഥൻ അന്വേഷണം നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സെക്രട്ടറി ഡി&ഒ ലൈസൻസ് അനുവദിക്കുകയോ പുതുക്കി നല്കുകയോ ചെയ്യേണ്ടത്. എന്നാൽ ലൈസൻസ് പുതുക്കി നല്കുന്നതിനുള്ള ചില അപേക്ഷകളിൽ അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടും സെക്രട്ടറിയുടെ തീരുമാനവും രേഖപ്പെടുത്താതെയാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ഉദാഹരണങ്ങൾ ചുവടെ:-

| അപേക്ഷ ക്രമ നം. | അപേക്ഷകന്റെ പേര് |
|---|---|

| | |
|---|---|
| 9775 | അനസ് വി എച്ച് |
| 9391 | കെ സി അലി അക്ബർ |
| 8984 | അബ്ദുൾ റഹിമാൻ സി |
| 9106 | മുഹമ്മദ് കുഞ്ഞി കെ |

ഭാവിയിൽ ഡി&ഒ ലൈസൻസിനുള്ള അപേക്ഷകൾ സ്വീകരിക്കുമ്പോൾ മേൽ സൂചിപ്പിച്ച അപാകങ്ങൾ പരിഹരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ലൈസൻസ് അനുവദിക്കുന്നതിനും പുതുക്കുന്നതിനും ലഭിക്കുന്ന അപേക്ഷകളിൽ ബന്ധപ്പെട്ട വകുപ്പിൽ നിന്നുള്ള അനുമതിപത്രം ഉൾപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

3.ഡി ആന്റ് ഒ ലൈസൻസ് അപേക്ഷകർക്ക് ലൈസൻസ് നൽകുന്നില്ല

2016-17 വർഷത്തെ ഡി ആന്റ് ഒ ലൈസൻസ് ഫയലുകൾ പരിശോധിച്ചതിൽ പല അപേക്ഷർക്കും ലൈസൻസ് വിതരണം ചെയ്തിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | പേര് | ലൈസൻസ് നമ്പർ |
|---|---|---|
| 1 | ശക്തിദേവി കെ | B-293/2016-17 |
| 2 | വിജയൻ വി | B-294/2016-17 |
| 3 | ശ്രീകല എം | B-295/2016-17 |
| 4 | സിന്ധു സുരേഷ് | B-298/2016-17 |

1994 448(3)(a),532(1)(a) കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് അനുസരിച്ച് നൽകുന്ന ലൈസൻസിലെ നിബന്ധന പ്രകാരം ലൈസൻസ് പ്രവർത്തനസ്ഥലത്ത് വ്യക്തമായി കാണത്തക്കവിധം പ്രദർശിപ്പിച്ചിരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തുടർ വർഷങ്ങളിൽ ഇവ മുഴുവനായും വിതരണം ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-4 ഇ-ടെണ്ടർ : ടെണ്ടർ ഫീസിനത്തിലെ വില വരവ് വരാത്തത് സംബന്ധിച്ച്

2016-17 വർഷം ബ്ലോക്ക് പഞ്ചായത്തിലെ മരാമത്ത് പവൃത്തികളിൽ ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ ടെണ്ടറുകളുടെ, ടെണ്ടർ ഫീസിനത്തിലെ വിലയായ 247090/- രൂപ നഗരസഭ അസി. എഞ്ചിനീയറുടെ അക്കൗണ്ടിലാണ് വരവ് വന്നിട്ടുള്ളത്. ആയത് തിരികെ ലഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തെരുവ് വിളക്കുകൾ-സംയുക്ത പരിശോധന നടത്തിയിട്ടില്ല-സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

തളിപ്പറമ്പ നഗരസഭ 2016-17 വർഷത്തിൽ വൈദ്യുതിചാർജ്ജ് ഇനത്തിൽ പ്രതിമാസം 2,07,641 രൂപ വീതം ആകെ 24,91,692 രൂപ തളിപ്പറമ്പ,കരിമ്പം സെക്ഷനുകളിലായി അടച്ചിട്ടുണ്ട്.കെ.എസ്.ഇ.ബിയിൽനിന്നും അറിയിച്ചിരിക്കുന്നതനുസരിച്ച് നഗരസഭയിൽ താഴെ പറയും പ്രകാരം 2,292 തെരുവ് വിളക്കുകൾ ഉണ്ട്.

| ക്രമ നം. | ഇനം. | എണ്ണം. |
|---|---|---|
| 1 | എസ്.വി.എൽ 250വാട്ട്. | 243 |
| 2 | എസ്.വി.എൽ.150 വാട്ട്. | 54 |
| 3 | ഫ്ലൂറോ ട്യൂബ് 80 വാട്ട്. | 533 |
| 4 | ഫ്ലൂറോ ട്യൂബ് 40വാട്ട്. | 218 |
| 5 | സി.എഫ്.എൽ 22വാട്ട്. | 643 |
| 6 | സി.എഫ്.എൽ 11വാട്ട്. | 572 |
| 7 | സി.എഫ്.എൽ.72 | 29 |
| ആകെ | | 2292 |

നഗരസഭയിൽ ഇതിനെ സാധൂകരിക്കുന്ന എണ്ണം കാണിക്കുന്ന സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.കെ.എസ്.ഇ.ബി യുമായി സംയുക്തമായി പരിശോധന നടത്തി പ്രവർത്തനക്ഷമമായ വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

സ്പെയർ പാർട്സുകൾ വാങ്ങിയവ ഉപയോഗിച്ചതിന് രേഖകളില്ല.

നഗരസഭ 2016-17 വർഷത്തിൽ ആകെ11,04,562 രൂപവിലമതിക്കുന്ന 4914 എണ്ണം സ്പെയർ പാർട്സുകൾ തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾക്കായി വാങ്ങിയിട്ടുണ്ട്. ഇവയെല്ലാം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണം ചെയ്തതായി കാണിച്ചിട്ടുണ്ടെങ്കിലും ആർക്ക് നൽകിയെന്നോ,എന്ന് നൽകിയെന്നോ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ തെരുവ് വിളക്കിന്റെ റിപ്പയർ രജിസ്റ്ററിൽ ഇവയിലൊന്നുപോലും ഉപയോഗിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. ഗുരുതരമായ ഈ വീഴ്ചയിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഇവ യഥാർത്ഥത്തിൽ അറ്റകുറ്റപ്പണികൾക്ക് വിനിയോഗിച്ചിരുന്നുവെങ്കിൽ ആയത് തെളിയിക്കുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി വാങ്ങിയ സ്പെയർ പാർട്സുകൾ എല്ലാം റിപ്പയറിംഗിനായി വിനിയോഗിച്ചിരുന്നുവെന്നും അത് റിപ്പയർ രജിസ്റ്ററിൽ ചേർക്കുന്നതിൽ വീഴ്ചപറ്റിയതാണെന്നും അറിയിച്ചിട്ടുണ്ട്. റിപ്പയർ രജിസ്റ്ററിൽ അറ്റകുറ്റപ്പണികളുടെ വിശദാംശങ്ങൾ യഥാസമയം ചേർത്ത് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതും റിപ്പയറിംഗിനായി ഉപയോഗിച്ച സ്പെയർപാർട്സുകളുടെ വിവരം കാണിക്കുന്ന സ്റ്റോക്ക് ഔട്ട് രജിസ്റ്ററും തിരികെയെടുത്ത കേടായ സ്പെയർപാർട്സുകളുടെ വിവരം കാണിക്കുന്ന സ്റ്റോക്ക് ഇൻ രജിസ്റ്ററും സൂക്ഷിക്കേണ്ടതാണ്. വീഴ്ചകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെന്ന് വ്യക്തമാക്കേണ്ടതാണ്.

## 3-2 ക്ഷീരകർഷകർക്ക് സബ്സിഡി-തുക പൂർണ്ണമായും വിനിയോഗിച്ചില്ല.

പ്രൊജക്ട് നം:182/17

പ്രൊജക്ടിന്റെ പേര്: ക്ഷീരകർഷകർക്ക് സബ്സിഡി.
അടങ്കൽ: 225000 രൂപ (വികസന ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ: വെറ്ററിനറി സർജൻ.

ചെലവഴിച്ച തുക:1,23,274 രൂപ.(43,516 രൂപ, ബിൽ നം.2/16-17/25-7- ൗ 2016,79758രൂപ,ബിൽനം.6/16-17/23-3-2017)

നഗരസഭയിലെ ക്ഷീരകർഷകർക്ക് പാൽ സൊസൈറ്റികളിൽ വിൽക്കുന്ന പാലിന് ലിറ്ററൊന്നിന് 3 രൂപ വീതം സബ്സിഡി നൽകുന്നതിനുള്ള ഈ പ്രൊജക്ടിനായി വകയിരുത്തിയിരുന്നത് 2,25,000രൂപയാണ്. എന്നാൽ ഈ പ്രൊജക്ടിന്റെ ഭാഗമായി കർഷകർക്ക് നൽകിയിരിക്കുന്നത് 1,23,274രൂപ മാത്രമാണ്. 2017ജനുവരി, ഫെബ്രുവരി മാസങ്ങളിൽ വിറ്റ പാലിന് മാത്രമാണ് സബ്സിഡി നൽകിയതായി കാണുന്നത്.നഗരസഭ വർഷാവസാനം 67,98,705 രൂപ പദ്ധതിതുക തിരിച്ചടച്ചതായി കാണുന്നുണ്ട്. പദ്ധതി പണം ആവശ്യത്തിന് ലഭ്യമായിരുന്നിരിക്കെ കർഷകർക്ക് ലഭ്യമാക്കാമായിരുന്ന 1,01,726 രൂപയുടെ സബ്സിഡി ലഭ്യമാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നഗരസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് യഥാസമയം ലഭിക്കാത്തതിനാൽ പദ്ധതി ആരംഭിക്കുന്നതിന് വൈകിയെന്നും അതിനാലാണ് തുക മുഴുവനായും ചെലവഴിക്കുന്നതിന് സാധിക്കാതിരുന്നതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ വാർഡ് സഭകളിൽ ഇത്തരം വിഷയങ്ങൾ അവലോകനത്തിന് വിധേയമാക്കേണ്ടതാണ്.

## 3-3 മൃഗാസ്പത്രിക്ക് മരുന്ന് വാങ്ങൽ. പദ്ധതി - അപാകങ്ങൾ

പ്രൊജക്ട് നം.227/17.
അടങ്കൽ: 100000/- (വികസന ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ:വെറ്ററിനറി സർജൻ.

ചെലവ്:95930രൂപ.(ബിൽ നം.7/16-17 തി. 23.3.2017)

ഈ പ്രൊജക്ടിന്റെ ഭാഗമായി ക്വട്ടേഷൻ വിളിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഇംഗ്ലീഷ് ഫാർമ കണ്ണൂരിൽനിന്നും മരുന്നുകൾ വാങ്ങിയിട്ടുണ്ട്. ക്വട്ടേഷൻ ക്ഷണിച്ചത് 53 ഇനം മരുന്നുകൾക്കാണ്. ഇംഗ്ലീഷ് ഫാർമ ലഭ്യമാക്കിയ ക്വട്ടേഷനിലും ക്വാട്ട് ചെയ്തിരുന്നത് 53 ഇനങ്ങളുടെ വിലയായിരുന്നുവെങ്കിലും ലഭ്യമാക്കിയിരിക്കുന്നത് 40 ഇനങ്ങൾ മാത്രമാണ്. ഇതിൽതന്നെ താഴെ പറയുന്ന 5 ഇനങ്ങൾ മാത്രമാണ് ആവശ്യപ്പെട്ടിരുന്ന പട്ടികയിൽ ഉൾപ്പെട്ടിരുന്ന മരുന്നുകൾ.

1)Amoxirum Bolus.

2)Amprolium powder.

3)Gentamycin inj.

4)Sulpha Bolus.

5)Butrophanol.

അവശേഷിക്കുന്ന 48 ഇനം മരുന്നുകൾ ക്വട്ടേഷനിൽ കാണിച്ച മരുന്നുകളുടെ സമാന ഉള്ളടക്കമുള്ള മരുന്നുകൾ ആയതിനാലാണ് സ്വീകരിച്ചതെന്ന് വെറ്റിനറി സർജൻ അറിയിക്കുകയുണ്ടായി. എന്നാൽ ഇവയുടെ വില എവിടെയും ക്വാട്ട് ചെയ്യപ്പെട്ടിട്ടില്ല. ഇത്തരം സാഹചര്യങ്ങൾ ഭാവിയിൽ ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-4 ഡെപ്പോസിറ്റ് പ്രവർത്തികൾ-കരാർഉടമ്പടി,വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

നഗരസഭ 2016-17 വർഷത്തിൽ വിവിധ പ്രവർത്തികൾക്കായി 8,67,481രൂപ കെ.എസ്.ഇ.ബി,കേരള വാട്ടർ അതോറിറ്റി എന്നിവക്ക് നല്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | നൽകിയ തുക. | വൗച്ചർ നം./തിയ്യതി. | ചെയ്യേണ്ട പ്രവർത്തി. | തുക സ്വീകരിച്ച സ്ഥാപനം. | പ്രവർത്തി നടപ്പിലാക്കേണ്ട സ്ഥലം. |
|---|---|---|---|---|---|
| 1 | 32325 | | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | കെ.എസ്.ഇ.ബി. | ചിറവക്ക്. |
| 2 | 26100 | 217/21-06-2016 | | | |

| | | | | | |
|---|---|---|---|---|---|
| 3 | 10716 | 215/20.6.2016 | | | പാറാട്. |
| 4 | 11206 | | | | കുറ്റിക്കോൽ അംഗൻവാടിക്ക് സമീപം. |
| 5 | 10928 | 988/10.3.17 | | | പ്ലാത്തോട്ടം അംഗൻവാടിക്ക് സമീപം. |
| 6 | 44178 | 988A/3.3.17 | | | കോട്ടക്കുന്ന് റോഡ്. |
| 7 | 10148 | 987/10.3.17 | | | മന്ന-തൃച്ചംബരം-പൂക്കോത്ത് നട റോഡ്. |
| 8 | 722420 | 69/20-4-2016 | കുടിവെള്ളപദ്ധതി പൈപ്പ് ലൈൻ വലിക്കൽ. | കേരള വാട്ടർ അതോരിറ്റി. | കുപ്പം-വൈരാകോട്ടം-ബദരിയ നഗർ. |

മേൽപ്രവർത്തികളുടെ വിശദമായ എസ്റ്റിമേറ്റ്,സ്ഥാപനവുമായി ചമച്ച കരാർ ഉടമ്പടി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ ലഭ്യമല്ല. ആയതിനാൽ തന്നെ അടവാക്കിയ എസ്റ്റിമേറ്റിന് അനുസൃതമാണോയെന്നോ, അപ്രകാരം തന്നെ പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ടോയെന്നോ, അധികം തുക അടച്ചിട്ടുണ്ടെങ്കിൽ തിരികെ ലഭിച്ചിട്ടുണ്ടോയെന്നോ മനസ്സിലാക്കുന്നതിന് സാധിക്കുന്നില്ല. ആയതിനാൽ വിശദമായ എസ്റ്റിമേറ്റ്, സ്ഥാപനവുമായി ചമച്ച കരാർ ഉടമ്പടി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽനിന്നും ലഭ്യമാക്കി പ്രവർത്തി യഥാവിധി പൂർത്തീകരിക്കപ്പെട്ടിട്ടുണ്ടെന്നും വിനിയോഗിക്കാത്ത തുകയുണ്ടെങ്കിൽ തിരികെ ലഭ്യമാകുന്നുവെന്നും ഉറപ്പുവരുത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ബി.18 ഷെഡ്യൂളിലെ വിവരങ്ങൾ നഗരസഭ സമർപ്പിച്ച വിവരങ്ങളുമായി ഒത്തുപോകുന്നില്ല. തുക കാര്യത്തിലെ പിശകുകൾ പരിഹരിക്കേണ്ടതാണ്.

## 3-5 <u>വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.</u>

പ്രൊജക്ട് നം.235/17.
അടങ്കൽ: 200000/- രൂപ (വികസന ഫണ്ട്)

പ്രൊജക്ടിന്റെ പേര്:മൃഗ പ്രജനന നിയന്ത്രണം.

ചെലവഴിച്ച തുക:2,00,000 രൂപ.ബിൽ നം.-5/2016-17 തി.21-11-.2016

മൃഗ പ്രജനന നിയന്ത്രണ പ്രൊജക്ടിന്റെ ആവശ്യത്തിനായി 2,00,000 രൂപ മേൽകാണിച്ച വിധം നഗരസഭാ സെക്രട്ടറി കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രൊജക്ടിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല. ഈ പ്രൊജക്ടിന്റെ ഭാഗമായി നഗരസഭയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കിയിട്ടുമില്ല.ഇവയെന്തൊക്കെയെന്ന് വ്യക്തമാക്കേണ്ടതും പ്രസ്തുത പ്രവർത്തനങ്ങൾ നടത്തിയെങ്കിൽ ആയവയുടെ വിശദാംശങ്ങൾ കാണിച്ചുകൊണ്ടുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്.

## 3-6 മാലിന്യ സംസ്കരണ പ്ലാന്റിൽ നിന്നും മാലിന്യം നീക്കം ചെയ്യൽ: പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്ക് വിരുദ്ധം

തളിപ്പറമ്പ നഗരസഭയിൽ പ്രവർത്തിക്കുന്ന ഖരമാലിന്യസംസ്കരണ പ്ലാന്റിൽ നിന്നും മാലിന്യം നീക്കം ചെയ്യുന്നതിനായി 2016-17വർഷം 1118200 രൂപ കെ മുസ്തഫ, ചിതപ്പൊയിൽ, പരിയാരം എന്നവർക്ക് വൗച്ചർ നമ്പർ 775/12/16തീയ്യതി 28-10-2016പ്രകാരം നൽകിയിട്ടുണ്ട്. ട്രഞ്ചിങ്ങ് ഗ്രൌണ്ടിലുള്ള മാലിന്യം നീക്കം ചെയ്യുന്നതിനായി വാഹനത്തിന്റെ ചാർജിനത്തിൽ 1068600 രൂപയും ജെ സി ബി പ്രവർത്തിപ്പിച്ചതിനുള്ള ചാർജായി മണിക്കൂറിൽ 1000 രൂപ നിരക്കിൽ 49.6 മണിക്കൂർ പ്രവർത്തിച്ചതിന് 49600 രൂപയടക്കം ആകെ 1118200 രൂപ നൽകിയിട്ടുണ്ട്.ഖരമാലിന്യസംസ്കരണം സംബന്ധിച്ച് താഴെ കൊടുത്തിട്ടുള്ള കാര്യങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്

ഖരമാലിന്യങ്ങളിലെ ജൈവ/അജൈവമാലിന്യങ്ങൾ തരം തിരിച്ച് ജൈവമാലിന്യങ്ങൾ സംസ്കരിച്ച് ജൈവവളമായി ഉപയോഗിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടെയാണ് നഗരസഭ ഖരമാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിച്ചിട്ടുള്ളത്. എന്നാൽ ജൈവ/അജൈവമാലിന്യങ്ങൾ തരം തിരിച്ച് ശേഖരിക്കാത്തതിനാൽ ഇവ പരസ്പരം കൂടി ചേർന്ന് പ്ലാന്റിന്റെ യഥാർത്ഥ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിയാത്ത അവസ്ഥയും സംജാതമായിട്ടുണ്ട്.

നഗരസഭയിലെ കരിമ്പം എന്ന സ്ഥലത്ത് പ്രവർത്തിക്കുന്ന ട്രഞ്ചിങ്ങ് ഗ്രൗണ്ടിലെത്തിക്കുന്ന മാലിന്യം തരം തിരിച്ച് ജൈവമാലിന്യങ്ങൾ അരച്ച് കൂട്ടിയിടുകയാണ് ചെയ്തുവരുന്നത്. എന്നാൽ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ കാര്യക്ഷമമായി വേർതിരിച്ചെടുക്കാത്തതിനാൽ ആയത് വളമാക്കി മാറ്റാൻ കഴിയാത്ത അവസ്ഥ വരികയുണ്ടായി.

മാലിന്യം നീക്കം ചെയ്യാൻ കഴിയാത്ത അവസ്ഥയുണ്ടായപ്പോൾ പരിസരവാസികളുടേയും ആക്ഷൻ കമ്മിറ്റികളുടേയും പരാതികളുടേയും അടിസ്ഥാനത്തിൽ ട്രഞ്ചിങ്ങ് ഗ്രൗണ്ടിൽ നിന്നും മാലിന്യം നീക്കം ചെയ്യുന്നതിന് നഗരസഭ ഫണ്ട് വിനിയോഗിക്കുകയുണ്ടായി.

നഗരസഭയുടെ മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിനായി സ്ഥാപിച്ച ട്രഞ്ചിങ്ങ് ഗ്രൗണ്ടിൽ നിന്നും മാലിന്യം നീക്കം ചെയ്യുന്നതിന് വീണ്ടും തുക ചെലവഴിച്ചത് ഖരമാലിന്യം സംസ്കരണം പദ്ധതി കാര്യക്ഷമമായി നടപ്പിലായിട്ടില്ലായെന്ന ബോധ്യപ്പെടുന്നു.

## 3-7 ഫർണ്ണിച്ചർ വാങ്ങൽ --നടപടിക്രമം പാലിച്ചില്ല.കുറഞ്ഞനിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കി കൂടിയ നിരക്ക് ക്വോട്ട് ചെയ്ത

## സ്ഥാപനത്തിൽ നിന്നും ഫർണ്ണിച്ചർ വാങ്ങി- ചെലവ് തുക തടസ്സപ്പെടുത്തുന്നു.

നഗരസഭയുടെ പരിധിയിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾക്ക് ഫർണ്ണിച്ചർ വാങ്ങി നൽകുന്നതിന് വേണ്ടി 2016-17 വർഷത്തിൽ പ്രൊജക്റ്റ് തയ്യാറാക്കി നടപ്പിലാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 255/2017 |
| അടങ്കൽ | 200000/- |
| ബിൽ നമ്പർ, തുക | 04/2016-17 തീയ്യതി 20-03-2017 – 150000 (വികസനഫണ്ട്)<br>വൗച്ചർ നമ്പർ 1046 തീയ്യതി 30-03-17 -39800 (തനത് ഫണ്ട്) |

ടെണ്ടർ നടപടിയിലൂടെ പ്രവീൺ എന്റർപ്രസസ് ചെക്കിക്കുളം എന്ന സ്ഥാപനത്തിൽ നിന്നുമാണ് ഫർണ്ണിച്ചർ വാങ്ങിയിട്ടുള്ളത്. എന്നാൽ ഇപ്രകാരം ഫർണ്ണിച്ചർ വാങ്ങുമ്പോൾ ടെണ്ടർ നടപടിക്രമത്തിലെ പ്രാഥമിക വ്യവസ്ഥകൾ പാലിക്കാതെയാണ് ഫർണ്ണിച്ചർ വാങ്ങിയിട്ടുള്ളത്. ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങളും അവ ക്വോട്ട് ചെയ്ത നിരക്കും ചുവടെ കൊടുക്കുന്നു.

| ക്രമനം | സ്ഥാപനത്തിന്റെ പേര് | ഫർണ്ണിച്ചർ ഇനം | ക്വോട്ട് ചെയ്ത തുക/ കേഡൽ |
|---|---|---|---|
| 1 | ചൈതന്യ ഹോം അപ്ലയൻസ്,കുറുമാത്തൂർ | നീൽക്കമൽ ചെയർ | 565(2101)<br>525(2160)<br>475 |
| | | ബേബി ചെയർ | 290(aqua salo)<br>250(5009)<br>260(5005)<br>230(cello) |
| 2 | പ്രവീൺ എന്റർ പ്രൈസസ്,ചെക്കിക്കുളം,കുടാളി | നീൽക്കമൽ ഫൈബർ കസേര | 417(2071)<br>489(2101) |

| | | | |
|---|---|---|---|
| | | | 515(7015)<br>529(2036)<br>727(2135) |
| | | ബേബി ചെയർ(നീൽക്കമൽ) | 196(5009)<br>222(AQOA) |
| 3 | ഫിഡ്കോ എന്റർപ്രൈസസ് | ഫൈബർചെയർ വിത്ത് ആംറെസ്റ്റ് | 292<br>392<br>492<br>474(type i)<br>494(type ii)<br>522(type iii)<br>594(type iv) |
| | | ബേബി ചെയർ(നീൽക്കമൽ) | 164(comfort)<br>142(kerala national company)<br>192(type i)<br>222(type ii)<br>444(supreme)<br>474(nilkamal) |

മേൽ കൊടുത്ത പ്രകാരം മൂന്ന് സ്ഥാപനങ്ങളും വ്യത്യസ്ത നിരക്കിലുള്ള ഇനങ്ങൾ ക്വാട്ട് ചെയ്തിട്ടുണ്ട്. ഇവയിൽ കുറവ് ക്വാട്ട് ചെയ്ത സ്ഥാപനങ്ങളെ ഒഴിവാക്കികൊണ്ട് കൂടുതൽ നിരക്ക്

ക്വാട്ട് ചെയ്ത പ്രവീൺ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നും നീൽക്കമൽ കമ്പനിയുടെ പ്രീമിയം ചെയർ (വി ഐ പി) എന്ന ഇനത്തിൽപ്പെട്ട കസേര 727 രൂപ നിരക്കിൽ 200 എണ്ണവും നീൽക്കമൽ കമ്പനിയുടെ ബേബി ചെയർ മോഡൽ ചെയർ 222 രൂപ നിരക്കിൽ 200 എണ്ണവും വാങ്ങിച്ചിട്ടുണ്ട്. ഇപ്രകാരം കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനങ്ങളെ ഒഴിവാക്കി കൂടിയ നിരക്കിൽ പ്രവീൺ എന്റർപ്രൈസസ്, ചെക്കിക്കുളം എന്ന സ്ഥാപനത്തിൽ നിന്നും ഫർണ്ണിച്ചർ വാങ്ങാനുണ്ടായ കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയിട്ടില്ല. മാത്രവുമല്ല പ്രസ്തുത ഓഡിറ്റ് എൻക്വയറിയിൽ ഫർണ്ണിച്ചർ വാങ്ങൽ സംബന്ധിച്ച് നഗരസഭയുടെ പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്സ് ഹാജരാക്കണമെന്നാവശ്യപ്പെട്ടിരുന്നുവെങ്കിലും ആയതും ഹാജരാക്കിയിട്ടില്ല. ടെണ്ടർ അപേക്ഷ ക്ഷണിക്കുമ്പോൾ സ്ഥാപനത്തിന് ആവശ്യമായ സ്പെസിഫിക്കേഷനുള്ള ഫർണ്ണിച്ചർ വ്യക്തമാക്കിയിട്ടില്ല. അതുകൊണ്ട് തന്നെ ഒരു സ്ഥാപനം തന്നെ വിവിധ കമ്പനികളുടെ വ്യത്യസ്ത നിരക്കിലുള്ള ഇനങ്ങൾ ക്വോട്ട് ചെയ്തിട്ടുണ്ട്. വ്യക്തമായ സ്പെസിഫിക്കേഷൻ വിവരം ടെണ്ടർ പരസ്യത്തിൽ രേഖപ്പെടുത്താതുകൊണ്ടാണ് ഇപ്രകാരം സംഭവിച്ചിട്ടുള്ളത്. സാധനങ്ങൾ വാങ്ങുമ്പോൾ പാലിക്കേണ്ട നടപടി ക്രമങ്ങൾ പാലിക്കാത്തതിനാൽ ചെലവ് തുക 189800 രൂപ തടസ്സപ്പെടുത്തുന്നു.

## **3-8** <u>പട്ടികജാതി വിദ്ധ്യാർത്ഥികൾക്ക് പഠന മുറി:പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല.ചെലവ് തുക **1,00,000/-** രൂപ തടസ്സപ്പെടുത്തുന്നു.</u>

നിർവ്വഹണ ഉദ്യോഗസ്ഥ : സെക്രട്ടറി

പ്രോജക്ട് നം. 100 / 17

അടങ്കൽ : 1000000/-രൂപ ( വികസന ഫണ്ട്-എസ്.സി.പി)

ചെലവ് :100000/- രൂപ (ബിൽ നം. 31 /16-17/28-03-17 : 50000/-

ബിൽ നം. 35 /16-17/30-03-17 : 50000/-)

പദ്ധതി പ്രകാരം നഗരസഭയിലെ 2 ഗുണഭോക്താക്കൾക്ക് പഠനമുറിയുടെ നിർമ്മാണത്തിന് നൽകാവുന്ന പരമാവധി തുകയുടെ 50 % തുകയായ 50,000/- രൂപ എഞ്ചിനീയറുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മുൻകൂറായി നൽകിയിട്ടുണ്ട്.

വിശദ വിവരം ചുവടെ കൊടുക്കുന്നു

| ക്രമ. നം. | ഗുണഭോക്താവ് | വിദ്ധ്യാർത്ഥിയുടെ പേര് | എസ്റ്റിമേറ്റ് | നൽകിയ തുക |
|---|---|---|---|---|
| 1 | കൃഷ്ണൻ പി കെ | ജിൻഷ കെ പി | 135600 | 50000 |
| 2 | കുഞ്ഞിരാമൻ ടി പി | ആദർശ് ടി പി | 134078 | 50000 |

മേൽ ഗുണഭോക്താക്കൾ ആരുംതന്നെ പഠനമുറിയുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല എന്ന് കാണുന്നു. ആയതിനാൽ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ നിന്നും ഈ ഇനത്തിൽ

ചെലവഴിച്ച 100000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇവർ എത്രയും വേഗം പ്രവൃത്തി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 പി എം എ വൈ -2016-17 വർഷത്തെ ചെലവ് തുക -ആ വർഷം തന്നെ വിനിയോഗിച്ചിട്ടില്ല

I.പി എം എ വൈ വിഹിതം അടക്കൽ (ജനറൽ)

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ,പേര് | 269/2017,പി എം എ വൈ വിഹിതം അടക്കൽ (ജനറൽ) |
| അടങ്കൽ | 4000000 |
| ബിൽ നമ്പർ,തുക | 36/2016-17 തീയ്യതി 27-02-2017 4000000 |

II.പി എം എ വൈ വിഹിതം അടക്കൽ (എസ് സി പി)

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ,പേര് | 275/2017,പി എം എ വൈ വിഹിതം അടക്കൽ (എസ് സി പി) |
| അടങ്കൽ | 280000 |
| ബിൽ നമ്പർ,തുക | 38/2016-17 തീയ്യതി 27-02-2017- 280000 |

നഗരസഭയിൽ പി എം എ വൈ പദ്ധതിയിൽ ജനറൽ വിഭാഗത്തിൽ 3 ലക്ഷം രൂപയാണ് അനുവദിച്ചുവരുന്നത്. ഇതിൽ 50000 രൂപ ഗുണഭോക്തൃവിഹിതമായി വാങ്ങിക്കുന്നുണ്ട്. ആയത് പ്രകാരം മൊത്തം അനുവദിക്കുന്നതുകയുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ഗുണഭോക്തൃവിഹിതം | 50000 |
| നഗരസഭ വിഹിതം | 50000 |
| സംസ്ഥാനവിഹിതം | 100000 |
| കേന്ദ്രവിഹിതം | 100000 |
| ആകെ | 300000 |

പട്ടികജാതി വിഭാഗത്തിലെ അർഹതപ്പെട്ട ഗുണഭോക്താക്കളുടെ ധനസഹായത്തിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ഗുണഭോക്തൃവിഹിതം | 30000 |
| നഗരസഭ വിഹിതം | 70000 |
| സംസ്ഥാനവിഹിതം | 100000 |
| കേന്ദ്രവിഹിതം | 100000 |
| ആകെ | 300000 |

രണ്ട് പ്രസ്തുത പദ്ധതികളിലുമായി ആകെ 190 ഗുണഭോക്താക്കളാണുള്ളത്. ഇതിൽ 4 ഗുണഭോക്താക്കൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണ്. ആയത് പ്രകാരം 4 ഗുണഭോക്താക്കൾക്കായി നഗരസഭ വിഹിതമായി 280000 രൂപയും പി എം എ വൈ ജനറൽ വിഭാഗത്തിൽപ്പെട്ടവർക്കായി 4000000 രൂപയും അടക്കം ആകെ 4280000 രൂപ 2016-17 വർഷം പി.എം.ഐ.വൈ പദ്ധതിയ്ക്കായി മാറ്റി വെച്ചിട്ടുണ്ട്.

പ്രസ്തുത തുക പഞ്ചാബ് നാഷണൽ ബാങ്കിലെ അക്കൗണ്ട് നമ്പർ 4804000100080524 ൽ നിക്ഷേപിച്ചിട്ടുണ്ട്. 2016-17 വർഷത്തിൽ ഗുണഭോക്താക്കൾക്ക് ധനസഹായമൊന്നും നൽകിയിട്ടില്ല. 2017-18 വർഷം 142 പേർക്ക് ധനസഹായത്തിന്റെ ഒന്നാം ഗഡുവും 103 ഗുണഭോക്താക്കൾക്ക് രണ്ടാം ഗഡുവും 12 ഗുണഭോക്താക്കൾക്ക് മൂന്നാം ഗഡുവും അനുവദിച്ചിട്ടുണ്ട്.

പദ്ധതിയിലെ 4 പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾ നാളിതുവരെയായി എഗ്രിമെന്റ് വെയ്ക്കുകയോ ചെയ്തിട്ടില്ല.2017-18 വർഷം മേൽ പദ്ധതിക്കായി 15200000 രൂപ കേന്ദ്രവിഹിതമായി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് വേണ്ടി പിൻവലിച്ച തുക അടിയന്തിരമായി ചെലവ് ചെയ്ത് പദ്ധതി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. പദ്ധതിയുടെ പുരോഗതി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-10 ഹോമിയോ മരുന്ന് ലഭ്യമാക്കിയില്ല- ചെലവ് തുക 50000 രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | എൻ ആർ എച്ച് എം ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| പ്രൊജക്റ്റ് നമ്പർ | 154/2017 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

| | |
|---|---|
| അടങ്കൽ | 200000 |

| | |
|---|---|
| ബിൽ നം തീയതി/തുക | 11/2016-17 തീയ്യതി 21.11.2016-200000 |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി മേൽ പ്രൊജക്റ്റിൽ ഹോംകോ ആലപ്പുഴയിൽ നിന്ന് 200000 രൂപയുടെ ഹോമിയോ മരുന്ന് വാങ്ങുകയായിരുന്നു ലക്ഷ്യം. 24-11-2016ന് ഹോംകോ ആലപ്പുഴക്ക് 200000 രൂപയുടെ ഡി.ഡി അയച്ചതായി കാണുന്നു. എന്നാൽ നാളിതുവരെയായും ഹോംകോ ആലപ്പുഴയിൽ നിന്ന് മരുന്ന് ലഭ്യമായി കാണുന്നില്ല. പ്രസ്തുത സ്ഥാപനവുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ ഉണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-11 മുനിസിപ്പൽ ലൈബ്രറിക്ക് പുസ്തകം വാങ്ങിനൽകിയതിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

2016-17വർഷം മുനിസിപ്പൽ ലൈബ്രറിക്ക് പുസ്തകം വാങ്ങുന്നതിനായി 100000 രൂപ ചെലവ് ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ട് നം.,പേര് | 173/2017 മുനിസിപ്പൽ ലൈബ്രറിക്ക് പുസ്തകം വാങ്ങിനൽകൽ |
| അടങ്കൽ | 100000 |
| ബിൽ നം | 4/2016-17 തീയ്യതി 31-03-2017-100000 |
| ഫണ്ട് | വികസനഫണ്ട് |

പ്രസ്തുത പദ്ധതി പ്രകാരം കേരള സ്റ്റേറ്റ് ബുക്ക് മാർക്കിൽ നിന്നും 677 മലയാള പുസ്തകങ്ങളും 89 ഇംഗ്ലീഷ് പുസ്തകങ്ങളും മുനിസിപ്പൽ ലൈബ്രറിക്ക് വേണ്ടി വാങ്ങിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പുസ്തകങ്ങൾ ലൈബ്രറിയുടെ സ്റ്റോക്കിൽ എടുത്തിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനായി സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. പുസ്തകങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം ഹാജരാക്കേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കാത്തതിനാൽ ചെലവ് തുക 100000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-12 എസ് എസ് എ ക്ക് മുൻവർഷത്തെ ബാലൻസ് വിഹിതം

## നൽകിയത്-2015-16 ആന്വൽ വർക്ക് പ്ലാൻ ഹാജരാക്കിയില്ല

എസ് എസ് എ യ്ക്ക് നഗരസഭയുടെ വിഹിതം അതാത് വർഷം തയ്യാറാക്കിയ ആന്വൽ വർക്ക് പ്ലാനിന്റെ അടിസ്ഥാനത്തിലാണ് നൽകിവരുന്നത്. 2016-17 വർഷം കഴിഞ്ഞ വർഷത്തെ ബാലൻസ് 447480 രൂപ എസ് എസ് എ യ്ക്ക് നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നിർഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്റ്റ് നം.,പേര് | 165/2017 എസ് എസ് എ ക്ക് വിഹിതം നൽകൽ |
| അടങ്കൽ | 2606150 |
| ബിൽ നം | 2/2016-17 തീയ്യതി 19-12-2016-2606150 |
| ഫണ്ട് | വികസനഫണ്ട് |

മേൽ കൊടുത്ത പ്രകാരം 2016-17 വർഷം 2606150 രൂപ നഗരസഭയുടെ വിഹിതമായി എസ് എസ് എ ക്ക് നൽകിയിട്ടുണ്ട്.പ്രസ്തുത തുകയിൽ 2158670 രൂപ മാത്രമാണ് 2016-17 വർഷത്തേക്കുള്ളതായി നൽകിയത്.ബാക്കി 447480 രൂപ മുൻവർഷത്തേക്കുള്ള ബാലൻസ് വിഹിതമാണ് നൽകിയിട്ടുള്ളത്. ആയതിനാൽ മുൻവർഷങ്ങളിലെ എസ് എസ് എ യ്ക്ക് നൽകാനുള്ള ബാലൻസ് തുകയുടെ വിശദവിവരം പരിശോധിക്കുന്നതിനായി വർഷത്തെ ആന്വൽ വർക്ക് പ്ലാൻ ഹാജരാക്കേണ്ടതാണ്.

## 3-13 ഭവനനിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

നഗരസഭ മുൻവർഷങ്ങളിൽ ഭവനനിർമ്മാണത്തിനായി ആദ്യ ഗഡുക്കൾ നൽകുകയും എന്നാൽ നാളിതുവരെയായി ഭവനനിർമ്മാണം പൂർത്തീകരിക്കാതിരിക്കുകയും ചെയ്യുന്ന അവസ്ഥ നിലവിലുണ്ട്. ഇത് സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമനം | പേര് | ആദ്യഗഡുകൈപ്പറ്റിയ വർഷം | ഇതുവരെ കൈപ്പറ്റിയ തുക | ഭവനനിർമ്മാണത്തിലെ നിലവിലെ അവസ്ഥ |
|---|---|---|---|---|
| 1 | ജാനകി സിവി | 2009-10 | 52500 | തറലെവൽ |
| 2 | റംല എംവി | 2009-10 | 22500 | എഗ്രിമെന്റ് വെച്ചു |
| 3 | ഇ കെ പാറു | 2009-10 | 67500 | ലിന്റൽ വർക്ക് |
| 4 | സിവി വിശ്വനാഥൻ | 2009-10 | 52500 | തറലെവൽ |

| | | | | |
|---|---|---|---|---|
| 5 | ജെയ്സൺ പി കെ | 2009-10 | 70000 | ലിന്റൽ വർക്ക് |
| 6 | രാജൻ കെ കെ | 2009-10 | 52500 | തറലെവൽ |
| 7 | ആക്കൻ അശോകൻ | 2013-14 | 140000 | ലിന്റൽ വർക്ക് |
| 8 | ശാലിനി ടി | 2013-14 | 170000 | മേൽക്കൂര |
| 9 | കല്ല്യാണി പി | 2009-10 | 70000 | മേൽക്കൂര |
| 10 | സീമ വിവി | 2014-15 | 140000 | ലിന്റൽ വർക്ക് |

പൂർത്തിയാക്കാത്ത ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതിലേക്ക് കൗൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

## **3-14** എസ്.ബി.ഐയിലെ നഗരസഭയുടെ തനത് ഫണ്ട് കറന്റ് അക്കൗണ്ടിലേക്ക് മാറ്റിയത് വഴി പലിശ ഇനത്തിൽ നഗരഗസഭയ്ക്ക് നഷ്ടം.

തളിപ്പറമ്പ നഗരസഭയുടെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലുള്ള സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലാണ് (10642384118) നഗരസഭ വർഷങ്ങളായി തനത് വരുമാനം നിക്ഷേപിച്ചുവരുന്നത്.

റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിർദ്ദേശ പ്രകാരം സ്ഥാപനങ്ങൾക്ക് സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടരാൻ സാധിക്കുകയില്ലെന്നും സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്ത് കറന്റ് അക്കൗണ്ടിലൂടെ ഇടപാടുകൾ നടത്തണമെന്ന് ബാങ്ക് അധികൃതർ 25-02-15 ന് ആവശ്യപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നഗരസഭ രേഖാമൂലം അറിയിച്ച പ്രകാരം 27-02-15 ൽ പ്രസ്തുത അക്കൗണ്ട് കറന്റ് അക്കൗണ്ടിലേക്ക് മാറ്റി(A/C 34736765360)

ഫയൽ പരിശോധിച്ചതിൽ നിന്നും പ്രസ്തുത നടപടിക്ക് ആധാരമായി എസ്.ബി.ഐ അധികൃതർ ഹാജരാക്കിയ രേഖകൾ പ്രകാരം സർക്കാരിൽ നിന്നും ലഭിക്കുന്ന ധനസഹായം സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് മാത്രമാണ് റിസർവ് ബാങ്ക് നിയന്ത്രണം ഏർപ്പെടുത്തിയത്. എന്നാൽ നഗരസഭയുടെ തനത് ഫണ്ട് സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് ഈ നിയന്ത്രണം ബാധകമല്ലെന്നാണ് വ്യക്തമാകുന്നത്.(ബാങ്കിന്റെ തെറ്റായ നടപടികൾ റദ്ദ് ചെയ്തു കിട്ടുന്നതിനായി നഗരസഭ ബാങ്കിംഗ് ഓംബുഡ്സ്മാൻ മുമ്പാകെ കേസ് 23-06-17 ൽ കേസ് ഫയൽ ചെയ്തിരിക്കുകയാണ് ).

ഈ അക്കൗണ്ടിൽ 31-03-15 ൽ 17,7,52,073/-രൂപയും, 31-03-16 ൽ 2555627.96 രൂപയും, 31-03-17 ൽ 830176.62 രൂപയും, നീക്കിരിപ്പുണ്ടായിരുന്നു.

പലിശരഹിത അക്കൗണ്ടിൽ തനത് വരുമാനം നിക്ഷേപിക്കുന്നത് പരമാവധി ഒഴിവാക്കേണ്ടതും ഈ അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക മിനിമം ബാലൻസിൽ പരിമിതപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ബാങ്ക് അധികൃതരുമായി ബന്ധപ്പെട്ട് ഉചിതമായ

തീരുമാനം കൈക്കൊള്ളേണ്ടതാണ്

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തൻവർഷം തുക നൽകിയിട്ടുണ്ടെങ്കിലും ഇവയുടെ പുരോഗതി പരിശോധിക്കുവാനാവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല. ഈ ഇനത്തിൽ നൽകിയ തുകയുടെ കൃത്യത പരിശോധിക്കാനുള്ള രേഖകൾ കുറ്റമറ്റ രീതിയിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഈ ഇനത്തിൽ നൽകിയ തുകയുടെ കൃത്യത പരിശോധിക്കുവാനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

### 4-5 സ്ഥിരനിക്ഷേപങ്ങൾ

ഓഡിറ്റ് വർഷം നഗരസഭയ്ക്ക് സ്ഥിരനിക്ഷേപമിനത്തിൽ ഉണ്ടായിട്ടുള്ള തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു

| | | |
|---|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന | സ്ഥിരനിക്ഷേപം | 78487625 |
| | ഷെയറുകൾ | 500000 |
| തൻവർഷം നിക്ഷേപിച്ച തുക | | 2982254 |
| പലിശ | | 6994853 |
| ആകെ | | 88964732 |
| തന്നാണ്ടിൽ പിൻവലിച്ച തുക | | 32093982 |
| വർഷാവസാനം അവശേഷിക്കുന്നസ്ഥിരനിക്ഷേപം | | 56870750 |

വർഷാവസാനം അവശേഷിക്കുന്നസ്ഥിരനിക്ഷേപങ്ങളുടെ വിവരം ചുവടെ കൊടുക്കുന്നു

| നിക്ഷപത്തിന്റെ വിവരം | തുക |
|---|---|

| | |
|---|---|
| ക്ലീൻ കേരള കമ്പനി ലിമിറ്റഡ്,തിരുവനന്തപുരം,സർട്ടിഫിക്കറ്റ് നമ്പർ 034/26.5.14 | 5,00,000/-(ആയിരംരൂപയുടെ 500 ഷെയറുകൾ-35001 മുതൽ 35500 വരെ) |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | നിക്ഷേപത്തിന്റെ വിവരം | നമ്പർ | തുക |
|---|---|---|---|
| 1 | കണ്ണൂർ ജില്ലാ സഹകരണ ബാങ്ക് | 098621 | 4555359 |
| 2 | കണ്ണൂർ ജില്ലാ സഹകരണ ബാങ്ക് | 262127 | 1718177 |
| 3 | മൊറാഴ-കല്ല്യാശേരി സർവ്വീസ് സഹകരണ ബാങ്ക് | 1145 | 4053601 |
| 4 | മൊറാഴ-കല്ല്യാശേരി സർവ്വീസ് സഹകരണ ബാങ്ക് | 1048 | 7783233 |
| 5 | കണ്ണൂർ ജില്ലാ സഹകരണ ബാങ്ക് | 272590 | 2140780 |
| 6 | പാപ്പിനിശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് | 0602011209328 | 6522929 |

| | | | |
|---|---|---|---|
| | | | |
| 7 | പാപ്പിനിശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് | 1002011201557 | 6036063 |
| 8 | പഞ്ചാബ് നാഷണൽ ബാങ്ക് | 3452 | 5773890 |
| 9 | പഞ്ചാബ് നാഷണൽ ബാങ്ക് | 3656 | 8899445 |
| 10 | കേരള ഗ്രാമീണ ബാങ്ക് | 301690 | 4371432 |
| 11 | എസ്.ബി.ഐ (17.12.16) | 36322468489 | 2882254 |
| 12 | ടി.എഫ്.ഡി (22.6.16) | 11085 | 100000 |
| 13 | പഞ്ചാബ് നാഷണൽ ബാങ്ക് | 1997 | 533422 |
| 14 | -ടി- | 1998 | 571523 |
| 15 | -ടി- | 2002 | 428642 |

| | |
|---|---|
| ആകെ | 56870750 |

## 4-6 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2011-12 , 2012-13 | 3 /24 | 8366 | ശ്രീ. കെ. വി.പുരുഷോത്തമൻ, കൺവീനർ | 11601100515/ 12-04-16 |
| 1997-98 | 7(A) | 50625 | ശ്രീ .എം.എ. സാമുവൽ , സീനിയർ വെറ്ററിനറി സർജൻ (റിട്ടയേർഡ്) | 1160140056 ,1160140057 ,1160140058 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 2-21 | 2006-07 | 4-28,4-28-1 | വളം നിർമ്മാണ ശാല ഉദ്ദേശ്യ ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല | പരാമർശം നിലനില്ക്കുന്നു |

| | | | | | |
|---|---|---|---|---|---|
| | | | | | |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| വർഷം | : | 2016-17 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | | 188830615 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 186496080 |
| വരവിനങ്ങളിലുള്ള നഷ്ടം | | 7160 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 339800 |

(ബി)നഗരസഭാഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-1 | 7160 | ശ്രീ. കെ. മനോഹർ, സെക്രട്ടറി |
| 3-7 | 189800 | ശ്രീമതി ലില്ലിക്കുട്ടി വി., ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-8 | 100000 | ശ്രീ. കെ. മനോഹർ, സെക്രട്ടറി |
| 3-10 | 50000 | -ടി.- |
| 3-11 | 100000 | ശ്രീമതി മോളി സെബാസ്റ്റ്യൻ |
| ആകെ | | 339800 |

| ഖ.നം. | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായവരുടെ പേരും ഉദ്യോഗപേരും |
|---|---|---|---|

| | | | |
|---|---|---|---|
| 2-1 | 7160 | | ശ്രീ. കെ. മനോഹർ, സെക്രട്ടറി |

(സി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി). നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ).റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽ വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | കെ.മനോഹർ സെക്രട്ടറി | സെക്രട്ടറി, കാഞ്ഞങ്ങാട് നഗരസഭ | 'കാവ്യം' കക്കണ്ടിയിൽ, മേമുണ്ട പി.ഒ., വടകര – 4 |

## 4-9 <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| | | |
| 1996-97 | LF/KNR/B3/868/2012(1) 07/07/12 | 4 |
| 1997-98(Plan) | LF/KNR/B3/868/2012(2) 07/07/12 | 7 |
| 1997-98(Final) | LF/KNR/B3/411/2013(2) 15/04/13 | 5 |
| 1998-99(ചെലവ്) | LF/KNR/B3/868/2012(4) 07/07/12 | 15 |
| 1998-99(Final) | LF/KNR/B3/868/2012(5) 07/07/12 | 12 |
| 1999-00(ചെലവ്) | LF/KNR/B3/689/2013 30/09/13 | 14 |
| 1999-00(വരവ്) | LF/KNR/B3/689/2013 30/09/13 | 12 |

| | | |
|---|---|---|
| | | |
| 2000-01(ചെലവ്) | LF/KNR/B3/868/2012(9) 07/07/12 | 17 |
| 2000-01(Final) | LF/KNR/B3/895/2013 20/08/13 | 3 |
| 2001-02(പദ്ധതി വിഹിതം) | LF/KNR/B3/868/2012(11) 07/07/12 | 11 |
| 2001-02(Final) | LF/KNR/B3/868/2012(10) 07/07/12 | 3 |
| 2002-03(ചെലവ്) | LF/KNR/B3/868/2012(13) 07/07/12 | 34 |
| 2002-03(Final) | LF/KNR/B3/868/2012(12) 07/07/12 | 3 |
| 2003-04(Final) | LF/KNR/B3/868/2012(14) 07/07/12 | 13 |

| | | |
|---|---|---|
| | | |
| 2004-05 | LF/KNR/B3/1036/13 05/10/13 | 5 |
| 2005-06 | LF/KNR/B3/409/13 15/04/13 | 12 |
| 2006-07 | LF/KNR/B3/624/13 20/08/13 | 15 |
| 2007-08 | LF/KNR/B3/401/13 15/04/13 | 28 |
| 2008-09 | LF/KNR/B3/960/14 20/10/14 | 35 |
| 2009-10,2010-11 | LF/KNR/B3/928/13 30/09/14 | 34 |
| 2011-12,12-13 | LF/KNR/B3/359/2015 21.04.15 | 28 |
| 2013-14,14-15 | LF/KNR/B3/1440/2016 08.08.16 | 40 |
| 2015-16 | NO/KSA/KNR/B2/152/17 | 25 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# ANNEXURE-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ .എസ്.എ. കെ എൻ ആർ/സി.13/1867/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യലയം, കണ്ണൂർ

ഫോൺ: 0497 2707698

ഇ-മെയിൽ: doknr.ksad@kerala.gov.in

തിയ്യതി: 05.12.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള നഗരപാലിക നിയമത്തിന്റെ 295(4)-ാം വകുപ്പ്, ഇവ അനുസരിച്ചും നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ധേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ തളിപറമ്പ നഗരസഭയുടെ

2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ച പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തളിപറമ്പ നഗരസഭയുടെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
കണ്ണൂർ ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

AUDIT CERTIFICATE

No.KSA-KNR/C.13/1867/2017

Kerala State Audit Department,

District Audit Office, Kannur,

Phone 0497 2707698

E-Mail doknr.ksad@kerala.gov.in

Date 05.12.2017

Certified that I have audited the Annual Financial Statement of Taliparamba Municipality in KANNUR District for the year ended on 31.3. 2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 295(4) of the Kerala Municipality Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of Audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Taliparamba Municipality for the year 2016-17 except the observations in my Audit report properly presents the picture of income and expenditure.

SENIOR DEPUTY DIRECTOR

KERALA STATE AUDIT DEPARTMENT,
DISTRICT AUDIT OFFICE, KANNUR.

## ANNEXURE-2

## RECEIPT AND PAYMENT STATEMENT OF TALIPARAMBA MUNICIPALITY FOR THE PERIOD FROM 1-4-2016 TO 31-3-2017

| Code No | Head Account | Schedule | Amount ₹ |
|---|---|---|---|
| | Opening Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 90177430<br>6979776 |
| Receipts | | | |
| 110000000 | Tax Revenue | RP-1 | 9984773 |

| | | | |
|---|---|---|---|
| 120000000 | Assigned Revenues & Compensations | RP-2 | 15668 |
| 130000000 | Rental Income from Muncipal properties | RP-3 | 224050 |
| 140000000 | Fees & User Charges | RP-4 | 6555189 |
| 150000000 | Sale & Hire Charges | RP-5 | 1362854 |
| 160000000 | Revenue Grants, Contributions & Subsidies | RP-6 | 17498642 |
| 170000000 | Income from Investments | RP-7 | 0 |
| 171000000 | Interest Earned | RP-8 | 3490492 |
| 180000000 | Other Income | RP-9 | 6939 |
| 420000000 | Investments-General fund | RP-34 | 32158190 |
| 431000000 | Sundry Debtors (Receivables) | RP-37 | 22744965 |
| Non operating | | | |
| 311000000 | Earmarked Funds | RP-22 | 185263 |
| 320000000 | Grants, Contributions for specific purposes | RP-24 | 86813048 |
| 340000000 | Deposits Received | RP-27 | 1406622 |
| 350000000 | Other Liabilities | RP-29 | 6064485 |

| | | | |
|---|---|---|---|
| 460000000 | Loans,Advances and Deposits | RP-41 | 319435 |
| Grand Total | | | 285987821 |
| | Payments | | |
| Operating | | | |
| 210000000 | Establishment Expenses | RP-10 | 9442449 |
| 220000000 | Administrative Expenses | RP-11 | 1959164 |
| 230000000 | Operations & Maintenance | RP-12 | 9630951 |
| 240000000 | Interest &Finance charges | RP-13 | 8413 |
| 250000000 | Programme Expenses | RP-14 | 19764424 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 13406270 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-46 | 27947442 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-47 | 2091750 |

| | | | |
|---|---|---|---|
| 260000000 | Revenue grants, contribution & subsidies | RP-15 | 14512226 |
| 350000000 | Other Liabilities | RP-29 | 15395515 |
| 420000000 | Investments-General fund | RP-34 | 2882254 |
| 430000000 | Stock in hand | RP-36 | 78120 |
| Non Operating | | | |
| 280000000 | Prior Period Item | RP-19 | 247535 |
| 311000000 | Earmarked Funds | RP-22 | 1100961 |
| 320000000 | Grants,contribution for specific purposes | RP-24 | 776076 |
| 340000000 | Deposits Received | RP-27 | 16620351 |
| 350000000 | Other Liabilities | RP-29 | 49970085 |
| 410000000 | Fixed Assets | RP-31 | |
| 460000000 | Loans, Advances and Deposits | RP-41 | 662094 |
| | Closing Balance | | |
| | Bank<br>Bank<br>Cash | RP-40(b)<br>RP-40(b)<br>RP-40(b) | 97766130<br>1725611 |

| | | | |
|---|---|---|---|
| | | | |
| Grand Total | | | 285987821 |

Senior Deputy Director

# ANNEXURE-3

## INCOME AND EXPENDITURE STATEMENT OF TALIPARAMBA MUNICIPALITY FOR THE PERIOD FROM 1-4-2016 TO 31-3-2017

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT ₹ |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 26105697 |
| 120000000 | Assigned Reveues &Compensation | I-2 | 15668 |
| 130000000 | Rental Income from Muncipal properties | I-3 | 4664303 |
| 140000000 | Fees & User Charges | I-4(b) | 7569274 |
| 150000000 | Sale & Hire Charges | I-5(b) | 1371779 |
| 160000000 | RevenueGrants,Funds,Contributions& Compensations | I-6 | 143984142 |

| | | | |
|---|---|---|---|
| 170000000 | Income from Investments | 1-7 | 6994853 |
| 171000000 | Interest Earned | I-8 | 2718086 |
| 180000000 | Other Income | I-9 | 12089 |
| A | Total Income | | 193435891 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 37598095 |
| 220000000 | Administrative Expenses | I-11(b) | 6483894 |
| 230000000 | Operations & Maintenance | I-12(b) | 15810730 |
| 240000000 | Interest & Finance Charges | I-13 | 8413 |
| 250000000 | Decentralised Plan Programme Productive Sector | I-14 | 88962097 |
| 251000000 | Decentralised Plan Programme-Service Sector | I-14 | 9442108 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14 | 27947442 |
| 253000000 | Decentralised Plan Programme-Projects not in Sector | I-14 | 2091750 |
| 260000000 | RevenueGrants contribution and subsidies | I-15 | 14512226 |

| | | | |
|---|---|---|---|
| 272000000 | Depreciation | I-17(a) | 859216 |
| B | Total Expenditure | | 203715971 |
| C=A-B | Gross Surplus / Defict Income over Expenditure | | (10280080) |
| D= 280000000 | Prior Period Item | I-18 | 83327 |
| E=C-D 290000000 | Gross Surplus/Defict of Income over Expenditure after prior Period items. Transfer to Reserve Funds | | -10363407 |
| | Net Balance being Surplus/Defict carried over to<br>Balance Sheet (Muncipal Fund) | | |

Senior Deputy Director

# ANNEXURE-4

# BALANCE SHEET OF TALIPARAMBA MUNICIPALITY AS ON 31-3-2017

| Code No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Muncipal (General )Fund (code no 310) | B-1 | 106714385.29 |
| 311000000 | Earmarked Funds | B-2 | 1463637 |
| 312000000 | Reserves | B-3 | 182284142 |
| | Total Reserve & Surplus | | 290462164.29 |

| | | | |
|---|---|---|---|
| | Grants , Contribution for specific purposes | | |
| 320000000 | Grants, Funds,Contributions for specific purposes | B-4 | 24035658 |
| | Total Grants,Contribution for specific purposes | | 24035658 |
| | Loans | | |
| 330000000 | Secured Loans | B-5 | 0 |
| | Total Loans | | |
| | Current Liabilities and Provisions | | |
| 34000000 | Deposits Received | B-7 | 25263032 |
| 350000000 | Other Liabilities | B-9 | 9044867.71 |
| | Total Current Liabilities and Provisions | | 34307899.71 |
| | TOTAL LIABILITIES | | 348805722 |

| | | | |
|---|---|---|---|
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 215839722 |
| 411000000 | Accumulated Depreciation | B-11 | -41321250 |
| 412000000 | Capital Work In Progress | B-11 | 0 |
| | Total Fixed Assets | | 174518472 |
| | Investments | | 56870750 |
| 420000000 | Investments | B-12 | 56870750 |
| | Total Investments | | |
| | Current Assets,Loans and Advances | | |
| 430000000 | Stock in Hand | B-14 | 167527 |
| 431000000 | Sundry Debtors (Receivables) | B-15 | 21122326 |
| 432000000 | Accumulated provisions Against Debtors | B-21 | (-3721470) |

| | | | |
|---|---|---|---|
| | (Receivables) | | |
| 450000000 | Cash and Bank balance | B-17 | 99491741 |
| 460000000 | Loans, Advances and Deposits | B-18 | 356376 |
| | Total Current Assets,Loans and Advances | | 117416500 |
| 480000000 | Miscellaneous Expenditure (To the Extent not written off)<br>Miscellaneous Expenditure (To the Extent not written off) | B-20 | |
| | Total Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 348805722 |

Senior Deputy Director